# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IV
## (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും
## (INDUSTRY AND MINERALS)

**സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി സംബന്ധിച്ച റിപ്പോർട്ട്**

2017 ആഗസ്റ്റ് 17-ാം തീയതി സമർപ്പിച്ചത്
(Presented on 17th August 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി IV

# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും

## (INDUSTRY AND MINERALS)

**സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി
സംബന്ധിച്ച റിപ്പോർട്ട്**

2017 ആഗസ്റ്റ് 17-ാം തീയതി സമർപ്പിച്ചത്
(Presented on 17th August 2017)

980/2017

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി IV
## വ്യവസായവും ധാതുക്കളും

## (2016-2018)

### ഘടന

<u>ചെയർമാൻ :</u>

ശ്രീ . എ. സി. മൊയ്തീൻ,

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ഡോ. ടി. എം. തോമസ് ഐസക്,

ധനകാര്യവും കയറും വകുപ്പുമന്ത്രി.

ശ്രീമതി ജെ .മേഴ്സിക്കുട്ടി അമ്മ,

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. ആന്റണി ജോൺ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി, ജി., ജോയിന്റ് സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. പി. ശ്യാംകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV (വ്യവസായവും ധാതുക്കളും)-ന്റെ റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (i) (iii) പ്രകാരം വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് തീരുമാനിച്ചു. അതുപ്രകാരം സമിതി 8-2-2017-ന് യോഗം ചേർന്ന് മേൽ വിഷയം സംബന്ധിച്ച് വ്യവസായ വകുപ്പിൽനിന്നും ലഭിച്ച വിവരങ്ങളെ ആധാരമാക്കി വകുപ്പുതല ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തി. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ സമിതി നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2017 ജൂലൈ 26-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

എ. സി. മൊയ്തീൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2017 ജൂലൈ 26.

# റിപ്പോർട്ട്

കേരളത്തിലെ പ്രധാനപ്പെട്ട ഒരു പരമ്പരാഗത വ്യവസായമാണ് കൈത്തറി വ്യവസായം. കാർഷികമേഖല കഴിഞ്ഞാൽ നെയ്ത്തിലും അനുബന്ധ ജോലികളിലുമായി പ്രത്യക്ഷമായോ പരോക്ഷമായോ ഏറ്റവും കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകുന്ന കൈത്തറിമേഖലയ്ക്ക് നമ്മുടെ സമ്പദ് വ്യവസ്ഥയിൽ ഒരു സുപ്രധാന സ്ഥാനമാണുള്ളത്.

കൈത്തറി വ്യവസായം നിലനിൽക്കുന്നത് ഗ്രാമപ്രദേശങ്ങളിലാണ്. കൂടാതെ ഇതൊരു പരമ്പരാഗത കുടിൽ വ്യവസായവുമാണ്. എന്നാൽ പല കാരണങ്ങളാലും കൈത്തറി നെയ്ത്ത് മേഖല അന്യംനിന്നു പോകുന്ന അവസ്ഥയാണ് ഇപ്പോൾ സംജാതമായിക്കൊണ്ടിരിക്കുന്നത്. കുറഞ്ഞ കൂലിയും കൂടിയ കായികാദ്ധ്വാനവും കാരണം പരമ്പരാഗത നെയ്ത്തുതൊഴിലാളി കുടുംബത്തിൽനിന്നുള്ള യുവതലമുറ നെയ്ത്തുപേക്ഷിച്ച് പുതിയ തൊഴിൽ മേഖല തേടിപ്പോവുന്നു. ഈ സാഹചര്യത്തിൽ കൈത്തറിമേഖലയിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ഈ മേഖലയെ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ നെയ്ത്തുകാരെ കണ്ടെത്തി കൈത്തറി നെയ്ത്ത്മേഖല അഭിവൃദ്ധിപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി .IV വിലയിരുത്തി.

2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒന്നു മുതൽ എട്ടുവരെയുള്ള സർക്കാർ/എയ്ഡഡ് മേഖലയിലെ എല്ലാ കുട്ടികൾക്കും കൈത്തറിയിൽ നെയ്തെടുത്ത തുണി സ്കൂൾ യൂണിഫോമായി സൗജന്യമായി നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് കൂടുതൽ തൊഴിലവസരം ലഭ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ ആവിഷ്കരിച്ച പ്രസ്തുത പദ്ധതി സംബന്ധിച്ച ഒരു അവലോകനം നടത്താൻ സമിതി തീരുമാനിക്കുകയും 2017 ഫെബ്രുവരി 8-ന് ചേർന്ന യോഗത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് വ്യവസായവകുപ്പ് ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയുമുണ്ടായി.

പ്രസ്തുത ചർച്ചയിലെ സമിതിയുടെ വിലയിരുത്തലുകളും സമിതിയുടെ അഭിപ്രായങ്ങളും സമിതി നൽകിയ ശിപാർശകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

കൈത്തറിമേഖലയെ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ നെയ്ത്തുകാരെ കണ്ടെത്തുന്നതിനും നിലവിലുള്ള നെയ്ത്തുകൂലി വർദ്ധിപ്പിക്കണമെന്നും പല ആളുകൾക്കും നെയ്ത്ത് അറിയാമെങ്കിലും യഥാസമയം തറികൾ റിപ്പയർ ചെയ്ത്

ലഭിക്കാത്ത അവസ്ഥയാണുള്ളതെന്നും സമിതി നിരീക്ഷിച്ചു യന്ത്രത്തറിയിൽ നെയ്തെടുത്ത തുണികൾ വിതരണം ചെയ്യാതെ കൈത്തറിയിൽ നെയ്ത തുണികൾ തന്നെയാണോ സ്കൂൾ യൂണിഫോമായി നൽകുന്നതെന്ന കാര്യം ഉറപ്പുവരുത്തണമെന്നും തമിഴ്നാട്ടിലെ ചില ഏജന്റുമാർ തുണിയുടെ ഡിസൈനുമായി ബന്ധപ്പെട്ട് സ്കൂളുകളെ സമീപിക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ ഇത്തരം കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

പല കാരണങ്ങളാലും സംസ്ഥാനത്തെ പ്രധാന പരമ്പരാഗത തൊഴിൽ മേഖലയായ കൈത്തറി നെയ്ത്തുമേഖല അന്യം നിന്നുപോകുന്ന അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്നും രണ്ട് ലക്ഷത്തിൽപരം നെയ്ത്തുകാർ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് പത്തൊൻപതിനായിരത്തിൽ താഴെ നെയ്ത്തുകാർ മാത്രമേ ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നുള്ളൂവെന്നും തറികൾ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്ത് ലഭിക്കാത്ത അവസ്ഥയാണുള്ളതെന്നും കേരളത്തിൽ നൂറ് രൂപയ്ക്ക് ലഭിക്കുന്ന തുണി തമിഴ്നാട്ടിൽ അമ്പത് രൂപയ്ക്ക് ലഭിക്കുമെന്നും കേരളത്തിലെ ജീവിതനിലവാരം ഉയർന്നതായതിനാൽ നെയ്ത്തുകാർക്ക് പ്രതിദിനം നൂറു രൂപ ലഭിച്ചാൽ പോലും ജീവിതം സുഗമമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുന്നില്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

കൈത്തറി വസ്ത്രമെന്നപേരിൽ അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന് വിൽക്കുന്ന പവർലൂം തുണിത്തരങ്ങൾ കാരണം കൈത്തറി വസ്ത്രത്തിന്റെ വിപണി പിന്നോട്ട് പോവുകയാണെന്നും കൈത്തറിയും പവർലൂമും തമ്മിൽ വ്യത്യാസമില്ല എന്ന കേന്ദ്ര സർക്കാർ സമീപനംമൂലം കയറ്റുമതി ചെയ്യുന്ന തുണിത്തരങ്ങളിൽ കൈത്തറിക്കുള്ള പ്രത്യേക ബനിഫിറ്റ് ലഭിക്കാതെ വന്നതുകൊണ്ട് കൈത്തറിയിലുണ്ടായിരുന്ന പലരും പവർലൂമിലേയ്ക്ക് മാറിയതായും തകർന്നടിഞ്ഞ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതി കൊണ്ടുവരണമെന്ന ലക്ഷ്യത്തോടെയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്നും സമിതി വിലയിരുത്തി.

തറികളുടെ ലഭ്യതക്കുറവും നിലവിലുള്ള തറികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കാത്തതും നെയ്ത്തുകാരുടെ അഭാവവും ഉല്പാദനത്തെ ബാധിക്കാനിടയുണ്ടെന്നും കൂടുതൽ ജോലിയും കുറഞ്ഞ കൂലിയും കാരണം ഈ മേഖലയിൽ തൊഴിലാളികൾ കുറവാണെന്നും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് സമയപരിമിതി ഉള്ളതായും സമിതി അഭിപ്രായപ്പെട്ടു.

സ്കൂൾ യൂണിഫോമിന്റെ വിതരണത്തിനാവശ്യമായ തുണിക്ക് വേണ്ടിവരുന്ന നൂൽ 3.47 ലക്ഷം കിലോഗ്രാമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നാഷണൽ

ഹാൻഡ്‌ലൂം ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും ഇൻഡന്റ് അനുസരിച്ച് നൂൽ ലഭിക്കുന്നുണ്ടെന്ന് സമിതി വിലയിരുത്തി.

ഒന്നാന്തരം കൈത്തറി ഉല്പന്നങ്ങൾ നെയ്തെടുക്കുന്ന സംഘങ്ങൾ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത സംഘങ്ങൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ചായം മുക്കുന്നതിനായി തമിഴ്നാട് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ പ്രോസസിംഗ് മിൽസിനെ ഏൽപ്പിക്കുന്നത് ശരിയായ നടപടിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

ചായം മുക്കുന്നതിനായി തുണികൾ തമിഴ്നാട്ടിലേക്ക് അയയ്ക്കുമ്പോഴും അവ തിരികെ ലഭിക്കുമ്പോഴും പരിശോധനയ്ക്ക് സംവിധാനം ഏർപ്പെടുത്തണമെന്നും ഗുണമേന്മ സംബന്ധിച്ച പരിശോധനകൾ നടത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കൈത്തറിമേഖലയിൽ പണിയെടുക്കാൻ തൊഴിലാളികൾ കുറവാണെന്നും ഉള്ളവർ പ്രായമേറിയവരാണെന്നും സമിതി നിരീക്ഷിച്ചു. വേണ്ടത്ര വരുമാനവും സ്ഥിരംതൊഴിലും ഉറപ്പാക്കി യുവതീയുവാക്കളെ കൈത്തറിമേഖലയിൽ തൊഴിലെടുക്കുന്നതിന് സന്നദ്ധരാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കൈത്തറി ഉല്പന്നങ്ങളുടെ വിപണന പ്രോത്സാഹനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്നതിനുള്ള പദ്ധതി അവലോകനം എന്ന വിഷയവുമായി ബന്ധപ്പെട്ട് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സമിതി താഴെപ്പറയുന്ന ശിപാർശകൾ നൽകുന്നു.

**ശിപാർശകൾ**

1. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് തുണികൾ വിതരണം ചെയ്യുമ്പോൾ യന്ത്രത്തറിയിൽ നെയ്തെടുത്ത തുണികൾ വിതരണം ചെയ്യാതെ കൈത്തറിയിൽ നെയ്ത തുണികൾ തന്നെ സ്കൂൾ യൂണിഫോമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. കൈത്തറിമേഖലയെ പരിപോഷിപ്പിക്കുന്നതിനും കൂടുതൽ നെയ്ത്തുകാരെ കണ്ടെത്തുന്നതിനും കേരളത്തിലെ ഉയർന്ന ജീവിതനിലവാരം പരിഗണിച്ചും നെയ്ത്തുകൂലിയിൽ കാലോചിതമായ വർദ്ധനവ് വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. കൈത്തറിത്തുണികൾ ചായം മുക്കുന്നതിന് അയൽസംസ്ഥാനത്തെ ആശ്രയിക്കുന്നതിനുപകരം കേരളത്തിലെ മില്ലുകളിലുള്ള സംവിധാനം പ്രയോജനപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. കൈത്തറിത്തുണികൾ ചായം മുക്കുന്നതിന് സംവിധാനമുള്ള യൂണിറ്റുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ചായം മുക്കുന്നതിനുള്ള തുണികൾ തമിഴ്നാട്ടിലേക്ക് അയയ്ക്കുമ്പോഴും അവ തിരികെ വരുമ്പോഴും ഗുണമേന്മ സംബന്ധിച്ച പരിശോധനകൾ കൃത്യമായി നടത്തി തുണിയുടെ ഗുണമേന്മ ഉറപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. കൈത്തറി വസ്തുങ്ങളുടെ ഉപയോഗത്തെക്കുറിച്ച് അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ പ്രചാരണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. നിലവിലുള്ള തറികളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി പൂർത്തിയാക്കി കൈത്തറി തുണിയുടെ ഉത്പാദനം പരമാവധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. 2018-19 അദ്ധ്യയനവർഷം ഏപ്രിൽ മാസത്തിൽ തന്നെ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലുമുള്ള ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസുവരെയുള്ള കുട്ടികൾക്ക് യൂണിഫോം കൈത്തറിതുണി എത്തിക്കുന്നതിനുള്ള പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. തിരുവനന്തപുരത്ത് പാപ്പനംകോട്ടുള്ള തുണികളിൽ ചായം മുക്കുന്നതിനുള്ള യൂണിറ്റ് ഫാക്ടറി തുറന്നു പ്രവർത്തിപ്പിച്ച് പ്രസ്തുത യൂണിറ്റ് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എ. സി. മൊയ്തീൻ,
*ചെയർമാൻ*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2017 ജൂലൈ 26.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017
കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.